**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1)ഉത്തരവ് നം. ഇ.എസ്.2-40318/2012/ആ.വ.ഡ., തീയതി: 15-12-2014.

2)ഉത്തരവ് നം. ഇ.എസ്.2-1351/2020ആ.വ.ഡ., തീയതി: 05/11/2020.

3)സ.ഉ.(സാധാ) നം.729/2025/H&FWD തീയതി, 11-03-2025.

4)ഉത്തരവ് നം. DHS/4/2025-ED1,തീയതി: 29-04-2025.

5) ശ്രീമതി. ഗംഗാദേവി വി.ജി., സീനിയർ ക്ലാർക്ക് -ന്റെ 02/05/2025 തീയതിയിലെ അപ്പീൽ അപേക്ഷ.

**ഉത്തരവ് നം : DHS/4/2025-ED1 തീയതി : 06-05-2025**

ആരോഗ്യ വകുപ്പിൽ പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ട റാങ്ക് നമ്പർ 794 വരെയുള്ള സീനിയർ ക്ലർക്കുമാർക്ക് ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ചു നൽകിയിരുന്നു. എന്നാൽ പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ പരാമർശം (2) പ്രകാരം ഉൾപ്പെടുത്തിയ റാങ്ക് നമ്പർ 793A സീനിയർ ക്ലാർക്ക് ശ്രീമതി. ഗംഗാദേവി വി.ജി.യെ പരാമർശം (4) പ്രകാരമുള്ള ഹെഡ് ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിൽ നിന്നും വിട്ടുപോയി എന്നു അറിയിച്ചുകൊണ്ട് പരാമർശം (5) പ്രകാരം ടിയാൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത അപ്പീൽ അപേക്ഷ വിശദമായി പരിശോധിച്ചു, മേൽ സാഹചര്യത്തിൽ സീനിയർ ക്ലാർക്ക് ശ്രീമതി. ഗംഗാദേവി വി.ജി.യുടെ പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി അർഹത നിലനിർത്തികൊണ്ട് 39300-83000 രൂപ ശമ്പള സ്കെയിലിൽ KS&SSR Part II Rule 28 (b) (ii) പ്രകാരം ഹെഡ് ക്ലാർക്ക്

തസ്തികയിൽ **29/4/2025** പ്രാബല്യത്തിൽ **Notional** ഉദ്യോഗക്കയറ്റം നൽകി ടിയാളുടെ പേരിന് നേരെ സൂചിപ്പിക്കുന്ന സ്ഥാപനത്തിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം. | പേര് പെൻ | ജനന തീയതി | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | നിയമിച്ചിരിക്കുന്ന സ്ഥാപനം | ഒഴിവുകളുടെ സ്വഭാവം |
|---|---|---|---|---|---|---|
| 1 | 793A | ശ്രീമതി. ഗംഗാദേവി വി.ജി. PEN.643706 | 21/05/1980 | സാമൂഹികാരോഗ്യ കേന്ദ്രം, പാണ്ടനാട്, ആലപ്പുഴ. | സാമൂഹികാരോഗ്യ കേന്ദ്രം, ഇലഞ്ഞിപ്ര, തൃശൂർ | വിരമിക്കൽ മുഖേനെ |

**3) 25/11/2010-** ലെ **GO(P) No. 629/2010/Fin** പ്രകാരം ഈ നോഷണൽ പ്രമോഷനു **back arrears of pay and allowance** നു അർഹത ഉണ്ടായിരിക്കുന്നതല്ല. മേൽ പ്രകാരം സ്ഥാനക്കയറ്റം ടി ജീവനക്കാരി പകരക്കാരെ കാത്തുനിൽക്കാതെ തന്നെ നിലവിലെ സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥാനക്കയറ്റം ലഭിച്ച സ്ഥാപനങ്ങളിൽ അടിയന്തിരമായി പ്രവേശിക്കേണ്ടതുമാണ്. ടി ജീവനക്കാരി ഹെഡ് ക്ലാർക്ക് തസ്തികയിൽ ജോലിയ്ക്ക് പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായി രണ്ട് വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കേണ്ടതാണ്.

**4)** ആരോഗ്യ വകുപ്പിൽ നിലവിൽ പരാമർശം **(3)** സർക്കാർ ഉത്തരവ് പ്രകാരം **2025** പൊതുസ്ഥലംമാറ്റ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നതിനാലും, സീനിയറായിട്ടുള്ള ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കാനുള്ളതിനാലും ഈ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനത്തിലെ നിയമനം ആവശ്യമെങ്കിൽ മാറ്റുന്നതും മറ്റൊരു സ്ഥാപനത്തിൽ നിയമിക്കുന്നതുമായിരിക്കും.

**5)** ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജോലിയിൽ വിടുതൽ ചെയ്യുവാനും, പ്രവേശിക്കുന്നതിനുമുള്ള ഉപയോഗിക്കാവുന്നതാണ് .

Signed by
M . Abul Kalam
Date: 06-05-2025 15:15:13

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ശ്രീമതി. ഗംഗാദേവി വി.ജി., സീനിയർ ക്ലാർക്ക്.

പകർപ്പ് :

1) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആലപ്പുഴ / തൃശൂർ.

2) മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, പാണ്ടനാട് / ഇലഞ്ഞിപ്ര.

3) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.

4) ഫയൽ/കരുതൽ ഫയൽ.